## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3613** **11.12.2018-ൽ മറുപടിയ്ക്ക്**

### ഭവനനിർമ്മാണത്തിലെ ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.എ.സി.മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | കാസർഗോഡ് നഗരസഭയിലെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് അടുത്ത കാലത്ത് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ | ഉണ്ട്. 2014-15 കാലഘട്ടത്തിൽ കാസർഗോഡ് നഗരസഭ നടപ്പിലാക്കിയ House Construction for BPL (General) എന്ന ഭവന നിർമ്മാണ പദ്ധതി (Project No. 32/2015) യിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് മിന്നൽ പരിശോധന നടത്തുകയും കണ്ടെത്തലുകളിന്മേൽ വി.സി 07/17/കെ എസ് ഡി നമ്പർ വിജിലൻസ് കേസ് 28/01/2017 ൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ House Renovation Project for Women 2015-2016 എന്ന പേരിൽ കാസർഗോഡ് മുനിസിപ്പാലിറ്റി നടപ്പാക്കിയ പദ്ധതിയിന്മേലും പരാതിയെത്തുടർന്ന് വിജിലൻസ് മിന്നൽ പരിശോധന നടത്തുകയും കണ്ടെത്തലുകളിന്മേൽ വി സി 03/17/കെ എസ് ഡി നമ്പർ വിജിലൻസ് കേസ് 17/01/2017 ൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| ബി | ഇതിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | ബി | അന്വേഷണം പൂർത്തിയായാൽ മാത്രമേ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ